(ബി) പ്രസ്തുത പുനരുദ്ധാരണ പ്രോജക്ട് ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നതെന്ന വിശദാംശം ലഭ്യമാക്കുമോ ;

(സി) നെല്ലിയാമ്പതിയിലെ ഫ്രൂട്ട് പ്രോസസിംഗ് പ്ലാന്റിനെ ആധുനിക വൽക്കരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ ; ഇതിലൂടെ എത്ര തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ പുനരുദ്ധാരണത്തിനായി കൃഷി വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള നെല്ലിയാമ്പതി പ്ലാന്റേഷൻ കോർപ്പറേഷൻ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഫാമിന്റെ പുനരുദ്ധാരണ പ്രവർത്തനം രണ്ടു ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഫാമിലെ ഫ്രൂട്ട് പ്രോസസിംഗ് പ്ലാന്റിനെ ആധുനികവൽക്കരിക്കുന്നതിനും പാഷൻ ഫ്രൂട്ടിന്റെയും മറ്റു ഫല വൃക്ഷങ്ങളുടെയും വിസ്തൃതി കൂട്ടുന്നതിനും മൈനർ ഫ്രൂട്ട് പ്ലാന്റേഷനായുള്ള മോഡൽ നഴ്സറി സ്ഥാപിക്കുന്നതിനും ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും ജീവനക്കാരുടെയും തൊഴിലാളികളുടെയും ക്വാർട്ടേഴ്സ് നവീകരിക്കുന്നതിനും, അത്യാധുനിക ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ പുതുക്കുന്നതിനും ഫാമിന് ആവശ്യമായ മെഷിനറികൾ വാങ്ങുന്നതിനും നിലവിൽ കൃഷി ഉള്ള സ്ഥലത്തിനു ചുറ്റും ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുമാണ് ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ ഫാമിന് ചുറ്റും ഫെൻസിംഗ് സ്ഥാപിക്കുന്നതിനും ഔഷധ സസ്യ കൃഷി, തേനീച്ച വളർത്തൽ, മത്സ്യകൃഷി എന്നിവ ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു. 2010-11 വർഷത്തിൽ കൃഷി വകുപ്പിൽനിന്നും 89.15 ലക്ഷം രൂപയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽനിന്നും മോഡൽ ഫ്ളോറികൾച്ചർ യൂണിറ്റിനായി 70 ലക്ഷം രൂപയും മൈനർ ഫ്രൂട്ട്സിന്റെ നഴ്സറിക്കായി 18 ലക്ഷം രൂപയും അനുവദിച്ചു. ഫാമിനെ ഒരു ദേശീയ ഹോർട്ടികൾച്ചർ സ്ഥാപനമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഫാമിന്റെ പുനരുദ്ധാരണ പ്രോജക്ട്, കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. എന്നിവ വഴിയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ പദ്ധതികൾ നോർത്ത് ഈസ്റ്റേൺ റീജിയൺ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് കോർപ്പറേഷന്റെ സഹകരണത്തിലുമാണ് നടപ്പിലാക്കുന്നത്.

(സി) നെല്ലിയാമ്പതിയിലെ ഫ്രൂട്ട് പ്രോസസിംഗ് പ്ലാന്റിനെ ആധുനികവൽക്കരിക്കുന്നതിനും പാഷൻ ഫ്രൂട്ട് കൃഷിയുടെ വിസ്തൃതി കൂട്ടുന്നതിനുമായി 175 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് ആർ.ഐ.ഡി.എഫ്. XVI-ൽ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഇപ്പോൾ ഉള്ള ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റ് ആധുനികവൽക്കരിക്കുന്നതിന് (പുതിയ കെട്ടിടം, സെമി ഓട്ടോമാറ്റിക് ഫുഡ് പ്രോസസിംഗ് യൂണിറ്റ്) 59 ലക്ഷം രൂപയും,

LIBRARY ARCHIVES Kerala Legislative Assembly